**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1044** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | **കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2019-20 വർഷത്തെ പ്രോജക്ട് നമ്പർ S1061/20 പ്രകാരം 130 ലക്ഷം രൂപ കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വേണ്ടി പമ്പ് ഹൗസും സിസ്റ്റേണും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം രേഖാമൂലം relinquish ചെയ്ത് ലഭിക്കേണ്ടതും പദ്ധതിക്കാവശ്യമായ സ്ഥലം സ്വകാര്യ വ്യക്തികളുടെ അധീനതയിലായതിനാൽ അവരുടെ സമ്മതപത്രം ലഭിക്കേണ്ടതുമുണ്ട്. പ്രസ്തുത പദ്ധതി കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേന വിഭാവനം ചെയ്തതാകയാൽ ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് നിരവധി തവണ കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയെങ്കിലും നാളിതുവരെയും സ്ഥലം കൃത്യമായി നിർണ്ണയിച്ച് ലഭിക്കാത്തതിനാൽ ഇത് പ്രകാരമുള്ള സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല..** |
| (ബി) | പ്രസ്തുത പ്രോജക്ടിന് അനുവദിച്ച തുകയെത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | എതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (ഡി) | ആയത് പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; | (ഡി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (ഇ) | ഈ പ്രവൃത്തിക്കായി ഏതൊക്കെ ഏജൻസികളാണ് പണമുടക്കുന്നത് ; വ്യക്തമാക്കുമോ; | (ഇ) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

| | | | |
|---|---|---|---|
| (എഫ്) | ഈ പദ്ധതിയുടെ തുടർ പ്രവർത്തനം എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് പ്രോജക്ടിൽ നൽകിയ വിശദാംശങ്ങൾ എന്തൊക്കെയാണ്; | (എഫ്) | **ഈ പ്രവൃത്തിയുടെ പദ്ധതിരേഖ തയ്യാറാക്കിയത് കോഴിക്കോട് ജില്ലാ പഞ്ചായത്താണ്. സാധാരണയായി, കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത് കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യുന്നതോടു കൂടി പദ്ധതി കോഴിക്കോട് ജില്ലാ പഞ്ചായത്തിന് കൈമാറുകയും തുടർ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് നടത്തുകയുമാണ് ചെയ്യുന്നത്.** |
| (ജി) | ഇതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രോജക്ടിന് തുക അനുവദിച്ച ഏജൻസി തന്നെ തുടർ പ്രവർത്തനങ്ങൾക്കും ചെലവ് വഹിക്കണമെന്ന വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഈ പദ്ധതി പൂർത്തിയായാൽ ഉണ്ടാകുന്ന നേട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (ജി) | **പദ്ധതി രേഖ ജലവിഭവ വകുപ്പിൽ ലഭ്യമല്ല. കോഴിക്കോട് ജില്ലാ പഞ്ചായത്ത് തന്നെയാണ് തുടർ പ്രവർത്തനങ്ങൾക്കുള്ള തീരുമാനങ്ങൾ എടുക്കേണ്ടത്. ഏകദേശം 90 ഹെക്ടറോളം വരുന്ന ആയക്കെട്ടിനെ പരിപോഷിപ്പിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പ്രദേശത്തെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്താനും ഈ പ്രവൃത്തികൊണ്ട് ലക്ഷ്യമിടുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ